# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 759

16.07.2014 ൽ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണ ബാങ്കിന് കാർഷിക പുനർവായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) നബാർഡിൽ നിന്ന് സംസ്ഥാന സഹകരണ ബാങ്കിന് 2013-14 വർഷം കാർഷിക വായ്പ ഇനത്തിൽ പുനർവായ്പ ലഭിച്ചിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | (ബി) പുനർവായ്പ ലഭ്യമാക്കുന്നതിന് നബാർഡ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലാണ് 2013-14 വർഷം പുനർ വായ്പ ലഭിക്കാത്ത സാഹചര്യം ഉണ്ടായത്. |
| (സി) ഈ വർഷം പുനർവായ്പ ലഭിക്കുന്നതിന് സർക്കാർ ഇടപെടൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലുള്ള ഇടപെടലാണ് നടത്തിയിട്ടുള്ളതെന്നും ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെന്നും വ്യക്തമാക്കുമോ; | (സി) ഈ വർഷം പുനർ വായ്പ ലഭിക്കുന്നതിന് സർക്കാർ ഇടപെടൽ നടത്തിയിട്ടില്ല. സംസ്ഥാന സഹകരണ ബാങ്കിന്റെ സ്വന്തം ഫണ്ടിൽ നിന്ന് 1250 കോടി രൂപ ജില്ലാ സഹകരണ ബാങ്കുകൾക്ക് കാർഷിക വായ്പയായി അനുവദിച്ച് നൽകിയ സാഹചര്യത്തിലാണ് സർക്കാർ ഇടപെടൽ നടത്താതിരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | കാർഷിക പുനർവായ്പ ലഭിക്കാത്തതു മൂലമുണ്ടാകുന്ന നഷ്ടം എന്തൊക്കെയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഉയർന്ന പലിശയ്ക്ക് സംസ്ഥാന സഹകരണ ബാങ്ക് സമാഹരിച്ച ഫണ്ട് ജില്ലാ ബാങ്കുകൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കിയ ഇനത്തിലുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെ നഷ്ടം 25 കോടിയോളം രൂപയാണ്. |

സെക്ഷൻ ഓഫീസർ